**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം- 695001**

## വിജ്ഞാപനം
## KEAM -2022
## എഞ്ചിനീയറിംഗ്,ആർക്കിടെക്ചർ കോഴ്സുകളിലേക്കുള്ള രണ്ടാം ഘട്ട താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

2022 ലെ സംസ്ഥാനത്തെ എഞ്ചിനീയറിംഗ് , ആർക്കിടെക്ചർ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനുള്ള രണ്ടാം ഘട്ട താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് **'KEAM 2022-Candidate Portal'** ലെ **'Provisional Allotment List'** എന്ന Menu Item ക്ലിക്ക് ചെയ്ത് രണ്ടാം ഘട്ട താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് കാണാവുന്നതാണ്. ഈ ഘട്ടത്തിൽ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് , ആർക്കിടെക്ചർ കോളേജുകളിലെ കമ്മ്യൂണിറ്റി /രജിസ്റ്റേർഡ് സൊസൈറ്റി/രജിസ്റ്റേർഡ് ട്രസ്റ്റ് ക്വാട്ട സീറ്റുകളിലേയ്ക്കും സഹകരണ വകുപ്പിന് (CAPE) കീഴിൽ വരുന്ന സക്കാർ കോസ്റ്റ് ഷെയറിങ് എഞ്ചിനീയറിംഗ് കോളേജുകളിലെ സഹകരണ ജീവനക്കാരുടെ മക്കൾക്കായി മാറ്റി വച്ചിട്ടുള്ള സീറ്റുകളിലേയ്ക്കും അലോട്ട്മെന്റ് നടത്തിയിട്ടുണ്ട്.

ഒന്നാം ഘട്ട അലോട്ട്മെന്റിനെ തുടർന്ന് ഫീസ് അടക്കുന്നതിനും ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും കോഴ്സുകൾ/കോളേജുകൾ പുനഃക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ ഒഴിവാക്കുന്നതിനും പുതിയതായി ഉൾപ്പെടുത്തിയ കോളേജ്/കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനും 27.09.2022, 3.00 മണിവരെ വിദ്യാർത്ഥികൾക്ക് അവസരം നൽകിയിരുന്നു. 27.09.2022 വൈകുന്നേരം 3.00 മണിവരെ മേൽപറഞ്ഞ നടപടികൾ പൂർത്തിയാക്കിയവരുടെ ഓപ്ഷനുകൾ പരിഗണിച്ചാണ് താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് സംബന്ധിച്ച് സാധുവായ പരാതികളുണ്ടെങ്കിൽ ceekinfo.cee@kerala.gov.in എന്ന ഇമെയിൽ മുഖാന്തിരം 30.09.2022 ഉച്ചക്ക് 12 മണിക്കുള്ളിൽ അറിയിക്കേണ്ടതാണ്. രണ്ടാം ഘട്ട അലോട്ട്മെന്റ് 30.09.2022 ന് പ്രസിദ്ധീകരിക്കും. ഈ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കുന്നവർ ബന്ധപ്പെട്ട കോളേജുകളിൽ നേരിട്ട് ഹാജരായി പ്രവേശനം നേടേണ്ടതാണ്. രണ്ടാം ഘട്ട അലോട്ട്മെന്റ് സംബന്ധിച്ച വിശദമായ വിജ്ഞാപനവും കോളേജുകളിൽ ഹാജരാകുന്നത് സംബന്ധിച്ച ഷെഡ്യൂളും പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.09.29 19:29:26 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**29/09/2022**